ഹരിപ്പാട് ഗവൺമെൻറ് ഹോസ്പിറ്റൽ

280 [333] ശ്രീ. സി. ബി സി. വാര്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ഗവൺമെൻറ് ഹോസ്പിറ്റലിൽ (താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ) ഇന്നുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിൻെറ പരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ ആശുപത്രിയിൽ ഇന്നുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നില്ല. മറ്റെല്ലാ താലൂക്ക് ആശുപത്രികളിലുള്ളതു പോലെ 100 കിടക്കകൾ ഇവിടെയുമുണ്ട്. കൂടാതെ ഇ. എൻ. റ്റി., ശിശു വിഭാഗം എന്നീ വകുപ്പുകളും ഉണ്ട്.

(ബി) പുതുതായി ഒരു നേത്രവിഭാഗവും കൂടി തുടങ്ങുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

ഇടുക്കി ജില്ലാ മെഡിക്കലാഫീസിലെ സ്റ്റാഫ്

281 [334] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ എത്ര സ്റ്റാഫുണ്ട് ;

(ബി) വേണ്ടിടത്തോളം സ്റ്റാഫില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇടുക്കി ജില്ലാ മെഡിക്കലാഫീസിലേക്ക് 26 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) വേണ്ടിടത്തോളം സ്റ്റാഫില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുളനട സഹകരണ ആശുപത്രി

282 [335] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലുള്ള കുളനട സഹകരണ ആശുപത്രിക്ക് സ്വന്തമായി സ്ഥലം വാങ്ങിച്ചതിനുശേഷം കെട്ടിടം പണിയുന്നതിനുള്ള ലോണും സബ്സിഡിയും നൽകണമെന്നു കാണിച്ച് നിരവധി നിവേദനങ്ങൾ നടത്തിയിട്ടും ഇതുവരെ അതു നൽകിയിട്ടില്ലെന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായിട്ടെങ്കിലും പ്രസ്തുത ആശുപത്രിക്ക് കെട്ടിടം പണിയുന്നതിനുള്ള ലോണും സബ്സിഡിയും നൽകുമോ ?

---

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly